കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# പ്രത്യക്ഷനികുതികൾ കേന്ദ്ര ബോർഡ് (നടപടികൾ സാധൂകരിക്കൽ) ആക്ററ്, 1971

(1971-ലെ 37-ാം നമ്പർ ആക്ററ്)

യൂണിയൻ ഗവൺമെൻറിനു വേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്.

1977

വില: ക. 0-50

കേന്ദ്ര ഗവൺമെന്റ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# പ്രത്യക്ഷനികുതികൾ കേന്ദ്രബോർഡ് (നടപടികൾ സാധൂകരിക്കൽ) ആക്ട്, 1971

(1971-ലെ 37-ാം നമ്പർ ആക്ട്)

യൂണിയൻ ഗവൺമെന്റിനുവേണ്ടി കേരള ഗവൺമെന്റ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെന്റ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്.

1977

0-50

കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# പ്രത്യക്ഷനികുതികൾ കേന്ദ്രബോർഡ് (നടപടികൾ സാധൂകരിക്കൽ) ആക്റ്റ്, 1971

## (1971-ലെ 37-ാം നമ്പർ ആക്റ്റ്)

പ്രത്യക്ഷനികുതികൾ സംബന്ധിച്ച ചില നടപടികൾ സാധൂകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ട വിഷയങ്ങൾക്കും വ്യവസ്ഥ ചെയ്യാനുള്ള ആക്റ്റ്.

[1971 ആഗസ്റ്റ്, 14]

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ ഇരുപത്തിരണ്ടാം സംവൽസരത്തിൽ പാർലമെന്റ് താഴെപറയും പ്രകാരം അധിനിയമം ചെയ്തിരിക്കുന്നു:—

1. ചുരുക്കപ്പേര്.—ഈ ആക്റ്റിന്, പ്രത്യക്ഷനികുതികൾ കേന്ദ്ര ബോർഡ് (നടപടികൾ സാധൂകരിക്കൽ) ആക്റ്റ്, 1971 എന്ന് പേർ പറയാവുന്നതാണ്.

2. ചില നടപടികൾ സാധൂകരിക്കൽ.—ഏതെങ്കിലും കോടതിയുടേയോ ട്രിബ്യൂണലിന്റേയോ മറ്റേതെങ്കിലും അധികാരസ്ഥാനത്തിന്റേയോ ഏതെങ്കിലും വിധിന്യായമോ വിധിയോ ഉത്തരവോ ഉണ്ടെന്നിരുന്നാലും, കേന്ദ്ര റവന്യൂ ബോർഡ് ആക്റ്റ്, 1963 (1963-ലെ 54) -ൻ കീഴിൽ ഏർപ്പെടുത്തിയ പ്രത്യക്ഷനികുതികൾ കേന്ദ്രബോർഡ്, കേന്ദ്രഗവൺമെന്റിനാലോ, [എസ്റ്റേറ്റ് ഡ്യൂട്ടി ആക്റ്റ്, 1953 (1953-ലെ 34) അല്ലാത്ത] ഏതെങ്കിലും നിയമത്താലോ, നിയമത്തിൻകീഴിലോ അതിനെ ഭാരമേല്പിച്ച, അധികാരങ്ങളുടെ പ്രയോഗത്തിലോ കർത്തവ്യങ്ങളുടെ നിർവ്വഹണത്തിലോ, നല്കിയതോ ഉണ്ടാക്കിയതോ അനുവദിച്ചതോ പുറപ്പെടുവിച്ചതോ ചെയ്തതോ എടുത്തതോ, അല്ലെങ്കിൽ നല്കിയതോ ഉണ്ടാക്കിയതോ അനുവദിച്ചതോ പുറപ്പെടുവിച്ചതോ ചെയ്തതോ എടുത്തതോ ആയി കരുതപ്പെടാവുന്നതോ ആയ, യാതൊരു സമ്മതിയും പ്രഖ്യാപനവും തീരുമാനവും അംഗീകാരവും നിദേശവും ആദേശവും വിജ്ഞാപനവും ഉത്തരവും, അല്ലെങ്കിൽ ചട്ടവും, അല്ലെങ്കിൽ മറ്റു കാര്യവും അല്ലെങ്കിൽ നടപടിയും, പ്രഖ്യാപനമോ തീരുമാനമോ അംഗീകാരമോ നിദേശമോ ആദേശമോ വിജ്ഞാപനമോ ഉത്തരവോ ചട്ടമോ കാര്യമോ നടപടിയോ മുൻപറഞ്ഞ 1963-ലെ ആക്റ്റിലേയോ അതിൻകീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളിലേയോ വ്യവസ്ഥകളനുസരിച്ച് അതിലേയ്ക്കുള്ള അധികാരങ്ങളോ കർത്തവ്യങ്ങളോ സാധുവാംവണ്ണം ഭാരമേല്പിക്കപ്പെടാതിരിക്കെ, മുൻപറഞ്ഞ ബോർഡിലെ ചെയർമാനാലും മററംഗങ്ങളാലും ഒററയ്ക്കോ കൂട്ടായോ നല്കപ്പെടുകയോ ഉണ്ടാക്കപ്പെടുകയോ അനുവദിക്കപ്പെടുകയോ പുറപ്പെടുവിക്കപ്പെടുകയോ ചെയ്യപ്പെടുകയോ എടുക്കപ്പെടുകയോ ചെയ്തതാണെന്ന വസ്തുതമാത്രം കാരണമായി, അസാധുവാണെന്നോ, എപ്പോഴെങ്കിലും അസാധുവായിരുന്നുവെന്നോ കരുതപ്പെടുന്നതല്ലാത്തതും, അതനുസരിച്ച്—

(ക) അങ്ങനെയുള്ള സമ്മതിക്കോ പ്രഖ്യാപനത്തിന്നോ തീരുമാനത്തിന്നോ അംഗീകാരത്തിന്നോ നിദേശത്തിന്നോ ആദേശത്തിന്നോ വിജ്ഞാപന

ത്തിന്നോ ഉത്തരവിന്നോ ചട്ടത്തിന്നോ കാര്യത്തിന്നോ നടപടിക്കോ അനുസൃതമായി, ചെയ്തതോ എടുത്തതോ ആയ എല്ലാ കൃത്യങ്ങളും നടപടികളും, അല്ലെങ്കിൽ കാര്യങ്ങളും എല്ലാ ആവശ്യങ്ങൾക്കും നിയമമനുസരിച്ച് ചെയ്തതോ എടുത്തതോ ആണെന്നും, എപ്പോഴും ആയിരുന്നുവെന്നും കരുതപ്പെടുന്നതും;

(ഖ) അങ്ങനെയുള്ള ഏതെങ്കിലും കൃത്യമോ നടപടിയോ, കാര്യമോ നിയമമനുസരിച്ച് ചെയ്തതോ എടുത്തതോ അല്ലെന്ന കാരണത്തിൻമേൽ, ഗവൺമെൻറിനോ, ഏതെങ്കിലും ആൾക്കോ ഏതെങ്കിലും അധികാരസ്ഥാനത്തിനോ, അത് ഏതായാലും, എതിരായി യാതൊരു വ്യവഹാരവും, അല്ലെങ്കിൽ മററ് നടപടിയും ആരംഭിക്കുകയോ, തുടരുകയോ ചെയ്യാൻ പാടില്ലാത്തതും,

ആകുന്നു.